# Rehabilitation Plantations Limited

(A Joint Venture of Govt. of India & Govt. of Kerala)

CIN - U01119KL1976SGC002799

Regd. Office : PUNALUR- 691 305, KOLLAM DIST., KERALA, INDIA

An ISO 9001 & 14001 Certified Company

GST No: 32AAACT8105A1Z2


## LIMITED TENDER NOTICE

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക ഫാക്ടറി കോംപ്ലക്സിൽ സൂക്ഷിച്ചിട്ടുള്ള ഏകദേശം **3000** കാലി ബാരലുകൾ ഫാക്ടറി കോമ്പൗണ്ടിൽ വച്ച് റീ കണ്ടീഷൻ ചെയ്ത് തരുന്നതിനുള്ള മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് നടത്തുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

ദർഘാസ് ഫോറം നികുതികൾ ഉൾപ്പെടെ **1062**/- രൂപ നിരക്കിലും (പാൻ കാർഡ് ഉള്ളവർക്ക് മാത്രം), EMD **4500/-** രൂപ നിരക്കിലും, മാനേജിംഗ് ഡയറക്ടർ, ആർ.പി.എൽ., പുനലൂർ എന്ന പേരിൽ അടയ്ക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസുകൾ ടെൻഡർ ഫോറം തുകയും EMD യും സഹിതം 23.11.2021 വരെ പുനലൂരിലുള്ള ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും 23.11.2021 3pm ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്.

ടെൻഡർ ഫോറവും വിശദമായ ദർഘാസ് വ്യവസ്ഥകളും കമ്പനിയുടെ വെബ്സൈറ്റായ www.rplkerala.com നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടെൻഡർ ഫോറം തുകയും EMD തുകയും ഇല്ലാതെ സമർപ്പിക്കുന്ന ദർഘാസുകൾ നിരസിക്കുന്നതാണ്.

(ഒപ്പ്)

RPL/S/78/2021-22/1682 /22.10.2021 ഡെപ്യൂട്ടി മാനേജർ (പർച്ചേസ്)


Telephone : Office : 0475-2222971, 2222972, 2222973, M.D.: 2222210, Telegram : "Rehab", Fax : 0475 -2223866

E-mail : mdrplpunalur@gmail.com, mdrpl@sancharnet.in, website: www.rplkerala.com

**Rehabilitation Plantations Limited**
(A Joint Venture of Govt. of India & Govt. of Kerala)
Regd: Office: PUNALUR - 691 305, KOLLAM DIST., KERALA
An ISO - 9002 Company
ISO 9002
Telephone : Office: 222971, 222972, 222973, M. D. 222210. Telegrams: "REHAB" Fax: 0475-223866

## ടെണ്ടർ ഫോറം

| ക്രമ നം. | ജോലിയുടെ സ്വഭാവം | എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ബാരലൊന്നിന് വാഗ്ദാനം ചെയ്യുന്ന നിരക്ക് |
|---|---|---|
| 1 | ബാരൽ അടിഭാഗം വെട്ടി അകത്തുള്ള മാലിന്യം നീക്കി കത്തിച്ച് കഴുകി വൃത്തിയാക്കി ഗ്യാസ് വെൽഡു ചെയ്ത് പെയിന്റ് ചെയ്ത് ഉണക്കി എയർ ചെക്ക് ചെയ്ത് റീ കണ്ടീഷൻ ചെയ്യുന്നതിനുള്ള നിരക്ക് | Rs.................... രൂപ (....................... ............................................................ ......................................................രൂപ മാത്രം) |
| 2 | പൊട്ടലോ, സുഷിരമോ ഉള്ള ബാരൽ ഗ്യാസ് വെൽഡു ചെയ്ത്, പുട്ടിയിട്ട് യോജിപ്പിച്ച് ബാരൽ റീ കണ്ടീഷൻ ചെയ്യുന്നതിനുള്ള നിരക്ക് | Rs.................... രൂപ (....................... ............................................................ ......................................................രൂപ മാത്രം) |

1. EMD യുടെ വിശദവിവരങ്ങൾ : ഡിമാന്റ് ഡ്രാഫ്റ്റ് തുക ..................................................
   നമ്പർ : .................................. തീയതി : .......................
2. പാൻ കാർഡ് നമ്പർ :
3. ജി.എസ്.ടി നമ്പർ) :

---

മേൽ ദർഘാസ് വ്യവസ്ഥകൾ എല്ലാ പേജുകളും വായിച്ച് ബോധ്യപ്പെട്ട് അംഗീകരിച്ചിരിക്കുന്നു.

Signature of the Tenderer :

Name and Address :

Phone No. & Fax No. :

Date :

E-mail ID :

Rehabilitation Plantations Limited
(A Joint Venture of Govt. of India & Govt. of Kerala)
Regd: Office: PUNALUR - 691 305, KOLLAM DIST., KERALA
An ISO - 9002 Company
ISO 9002
Telephone : Office: 222971, 222972, 222973, M. D. 222210. Telegrams: "REHAB" Fax: 0475-223866

## ദർഘാസ് വ്യവസ്ഥകൾ

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക ഫാക്ടറി കോംപ്ലക്സിൽ സൂക്ഷിച്ചിട്ടുള്ള ഏകദേശം **3000** കാലി ബാരലുകൾ ഫാക്ടറി കോമ്പൗണ്ടിൽ വച്ച് റീ കണ്ടീഷൻ ചെയ്ത് തരുന്നതിനുള്ള മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് നടത്തുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

1. ഫാക്ടറി അധികാരികളുടെ നിർദ്ദേശാനുസരണം ഫാക്ടറി കോമ്പൗണ്ടിനുള്ളിൽ വച്ച് റീ കണ്ടീഷൻ ചെയ്യേണ്ട ബാരലുകളുടെ അടിഭാഗം നിശ്ചിത അളവിൽ വെട്ടി അകത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് കത്തിച്ചതിനുശേഷം ബാരലിന്റെ അകവും പുറവും കാസ്റ്റിക് സോഡ/സോപ്പ് ലായനി ഉപയോഗിച്ച് കഴുകി വൃത്തിയാക്കി ഉണക്കിയ ശേഷം ഉൾഭാഗം ബിറ്റുമിൻ ബ്ലാക്ക് പെയിന്റ് ചെയ്ത് വീണ്ടും ഉണക്കുകയും വെട്ടിയെടുത്ത ഭാഗം ഗ്യാസ് വെൽഡു ചെയ്ത് പിടിപ്പിക്കേണ്ടതും അതോടൊപ്പം തന്നെ എയർ ചെക്ക് നടത്തി ലീക്ക് ഇല്ലാ എന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. ബാരലിൽ പൊട്ടലോ, സുഷിരമോ ഉണ്ടെങ്കിൽ ഗ്യാസ് വെൽഡ് ചെയ്ത്, പുട്ടിയിട്ട് യോജിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ 1, 2 വിഭാഗം ബാരലുകൾ പ്രത്യേകം തരം തിരിച്ച് നൽകേണ്ടതാണ്.
2. മേൽ കാണിച്ച വിധം ഒരു ബാരൽ റീ കണ്ടീഷൻ ചെയ്ത് പെയിന്റ് ചെയ്ത് നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്കാണ് ദർഘാസിൽ കാണിക്കേണ്ടത്.
3. മേൽ കാണിച്ച ജോലിക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും കരാറുകാരൻ കൊണ്ട് വരേണ്ടതാണ്. ബാരൽ കഴുകി വൃത്തിയാക്കുന്നതിനുവേണ്ട കാസ്റ്റിക് സോഡ/സോപ്പ് ലായനി മുതലായവയും പൂശുന്നതിനാവശ്യമായ പുട്ടിയും പെയിന്റും ആർ.പി.എൽ നൽകുന്നതാണ്.
4. ബാരലുകളുടെ ഉപരിതലത്തിൽ പെയിന്റടിക്കുന്നതിനു മുമ്പ് പണിതീർത്ത ബാരലുകൾ ഉത്തരവാദിത്വപ്പെട്ട ഫാക്ടറി ഉദ്യോഗസ്ഥൻമാരുടെ സാന്നിധ്യത്തിൽ പ്രഷർ ചെക്ക് ഉൾപ്പെടെയുള്ള പരിശോധനകൾക്കുശേഷം മാത്രം നിശ്ചിത പെയിന്റ് ചെയ്യേണ്ടതാണ്.
5. ദർഘാസ് ഫോറം നികുതികൾ ഉൾപ്പെടെ **1062**/- രൂപ നിരക്കിൽ (പാൻ കാർഡ് ഉള്ളവർക്ക് മാത്രം) ഓഫീസിൽ നിന്നും ലഭ്യമാണ്.
6. ബാരലിന്റെ ഉൾവശം bituminous black paint-ഉം, ചുറ്റാകെ വശങ്ങൾ post office red- ഉം, മുകളിലും താഴ്ഭാഗത്തും മഞ്ഞനിറം, ഇത്തരത്തിൽ painting ചെയ്യേണ്ടതും വശങ്ങളിൽ REHAB, RPL, ISO 9001 Company എന്നും yellow paint-ൽ എഴുതി (STENCIL) നൽകേണ്ടതാണ്.
7. ഈ കരാറിന്റെ കാലാവധി എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. ഫാക്ടറി മാനേജരുടെ ആവശ്യ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത എണ്ണം ബാരലുകൾ കരാർ ഉറപ്പിച്ച് കിട്ടുന്ന കരാറുകാരൻ പണി തീർത്ത് നൽകേണ്ടതാണ്.
8. EMD **4500/-** രൂപ, മാനേജിംഗ് ഡയറക്ടർ, ആർ.പി.എൽ., പുനലൂർ എന്ന പേരിൽ അടയ്ക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസുകൾ EMD സഹിതം 23.11.2021 വരെ പുനലൂരിലുള്ള ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും 23.11.2021, 3 pm-ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്.

9. ദർഘാസ് ഉറപ്പിച്ചുകിട്ടുന്ന ആൾ നിരക്ക് അംഗീകരിച്ച് കൊണ്ടുള്ള അറിയിപ്പ് ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം 22500/- രൂപ സെക്യൂരിറ്റി കെട്ടി വയ്ക്കേണ്ടതും 200/- രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.
10. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ EMD കരാറിന്മേൽ തീരുമാനമെടുത്ത് 30 ദിവസങ്ങൾക്കകം തിരികെ നൽകുന്നതാണ്.
11. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് 60 ദിവസങ്ങൾക്കകം പലിശ രഹിതമായി തിരികെ നൽകുന്നതാണ്.
12. EMD / സെക്യൂരിറ്റി തുകയ്ക്ക് പലിശ നൽകുന്നതല്ല.
13. ഓരോ 150 ബാരൽ അടങ്ങുന്ന LOT പണി പൂർത്തീകരിച്ച്, ഗുണനിലവാരം പരിശോധനകൾക്ക് ശേഷം invoice-ന്റെ അടിസ്ഥാനത്തിൽ കൂലി നൽകുന്നതാണ്.
14. കരാറുകാരന് ലഭിക്കേണ്ട എല്ലാ തുകകളും ചെക്കായി നൽകുന്നതാണ്. എന്നാൽ കരാറുകാരൻ രേഖാമൂലം ആവശ്യപ്പെട്ടാൽ ടിയാന് നൽകാനുള്ള തുക R.T.G.S. ആയി ടിയാന്റെ അക്കൗണ്ടിലേക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കിക്കൊണ്ട് നൽകുന്നതാണ്. ഈ കരാറുമായി ബന്ധപ്പെട്ട മുൻകൂർ പണം നൽകുന്നതല്ല.
15. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റ്, തൊഴിലാളികൾ മുതലായവരിൽ നിന്നോ ആർ.പി.എൽ -ന് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ നഷ്ടപരിഹാരം ആർ.പി.എൽ. നിശ്ചയിക്കുന്നതും ആയതു കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും
16. ദർഘാസ് ഉറപ്പിച്ചുകിട്ടുന്ന ആൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ജോലിക്കാരെ ഏർപ്പെടുത്തേണ്ടതും ടി ജോലിക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പൂർത്തികരിക്കേണ്ടതുമാണ്. ഇത് സംബന്ധമായി ആർ.പി.എൽ -ന് യാതൊരു വിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. ആവശ്യമുള്ള പക്ഷം തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി കമ്പനി താമസ സൗകര്യം നൽകുന്നതാണ്.
17. കരാറുകാരൻ ഈ കരാർ പ്രകാരമുള്ള പ്രവർത്തികൾ മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
18. ആർ.പി.എൽ-ന് ആവശ്യമുള്ള പക്ഷം മുൻകൂർ നോട്ടീസ് നൽകി കരാർ എപ്പോൾ വേണമെങ്കിലും റദ്ദ് ചെയ്യുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

19. പാൻകാർഡ് ഹാജരാക്കുന്നവരെ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
20. കരാർ കാലയളവിൽ (ഒരു വർഷ കാലയളവ്) കരാർ തുക യാതൊരു കാരണവശാലും പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതല്ല.
21. നിയമാനുസൃത നികുതികൾ അടയ്ക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
22. ആർ.പി.എൽ.-ന്റെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാറുകാരൻ ദർഘാസിൽ പങ്കെടുക്കുവാൻ പാട്ടുള്ളതല്ല.
23. ഏതൊരു ദർഘാസും യതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ആരുമായും നെഗോഷ്യേറ്റ് ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ആർ.പി.എൽ-ന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
24. ജോലിക്കിടയിലോ അല്ലാതെയോ കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികൾക്കോ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ആർ.പി.എൽ-ൽ നിന്നും ഇത് സംബന്ധമായി യാതൊരുവിധ നഷ്ടപരിഹാരവും ലഭിക്കുന്നതല്ല.
25. ആർ.പി.എൽ-ന്റെ എല്ലാ പൊതുവായ ദർഘാസ് വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.
26. കരാർ കാലാവധിക്കിടയിൽ, കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ, വന്യമൃഗങ്ങളെ വേട്ടയാടുകയോ, എന്തെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതും കരാറുകാരൻ അടച്ചിട്ടുള്ള തുക അവകാശപ്പെടുന്നതുമായ സെക്യൂരിറ്റി തുക അടക്കമുള്ള എല്ലാവിധ തുകകളും കണ്ടുകെട്ടി ആർ.പി.എൽ. -ലേക്ക് മുതൽ കൂട്ടുന്നതിന് ആർ.പി.എൽ. ന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതുമാണ്.
27. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ഇത് സംബന്ധമായി വിശദമായ വിവരങ്ങൾ നേരിട്ടും അന്വേഷിച്ച് കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്. ദർഘാസ് വ്യവസ്ഥകൾ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ആർ.പി.എൽ. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
28. ദർഘാസ് ഇത് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉൽഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി പുനലൂരിലെ കോടതികളിൽ ആയിരിക്കും.

**Rehabilitation Plantations Limited**
(A Joint Venture of Govt. of India & Govt. of Kerala)
Regd: Office: PUNALUR - 691 305, KOLLAM DIST., KERALA
An ISO - 9002 Company
ISO 9002
Telephone : Office: 222971, 222972, 222973, M. D. 222210. Telegrams: "REHAB" Fax: 0475-223866

29. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാകളുടെയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള പ്രതിമാസ വിഹിതം അടയ്ക്കുകയും, രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ ആർ.പി.എൽ.-ന്റെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം, നിയമപ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതവും സർചാർജ്ജും അടക്കമുള്ള സംഖ്യ കരാറുകാരന് ആർ.പി.എൽ-ൽ നിന്നും ലഭിക്കനുള്ള തുകയിൽ നിന്നോ, മറ്റേതെങ്കിലും വിധത്തിലോ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് ഓഫീസിലേക്ക് അടയ്ക്കുന്നതും ഇതു സംബന്ധമായി ഉണ്ടാകാവുന്ന ഏതു അവകാശവാദവും സാമ്പത്തിക ബാധ്യതകളും കാരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതുമാണ്.

30. ഏതെങ്കിലും കാരണവശാൽ അന്നേദിവസം ദർഘാസ് നടത്തുവാൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തിദിവസം അതേ സ്ഥലത്തും സമയത്തും വച്ച് പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

(ഒപ്പ്)
**മാനേജിംഗ് ഡയറക്ടർ**

........................